File No.LSGD-DA3/90/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഏഴംകുളം ഗ്രാമപഞ്ചായത്ത് - അയണിക്കാമുകൾ ഗ്രാമ സഭ മന്ദിര കേന്ദ്രംത്തിന്റെ നിർമ്മാണത്തിന് ചെലവായ തുക നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കി, തുക നല്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1807/2020/ത.സ്വ.ഭ.വ തീയതി.തിരുവനന്തപുരം. 01/10/2020

---

പരാമർശം:- 1 ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 2.3.2020-ലെ കത്ത്.

2 പഞ്ചായത്ത് ഭരണ സമിതിയുടെ 14.2. 2020 ലെ 16 (15) നമ്പർ തീരുമാനം.

3 24.06.2020 തീയ്യതിയിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ (4.42) തീരുമാനം.

<u>ഉത്തരവ്</u>

ഏഴംകുളം ഗ്രാമ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ പ്ലാന്റേഷൻ മുക്കിലെ KIP വക സ്ഥലത്ത് 2014-15 വർഷം അയണിക്കാമുകൾ ഗ്രാമസഭ മന്ദിര കേന്ദ്രം നിർമ്മാണം എന്ന പ്രൊജക്റ്റിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു . ഗുണഭോക്തൃ സമിതി കൺവീനർ മുഖേന പ്രവൃത്തി 2015 ൽ പൂർത്തിയാക്കി. ഗ്രാമ കേന്ദ്രം നിർമ്മിച്ചത് KIP വക കനാൽ പുറമ്പോക്ക് സ്ഥലത്തായിരുന്നു . അതിനാൽ 2015-16,2016-17 വർഷം ഈ പ്രൊജക്ട് സ്പിൽ ഓവർ പദ്ധതി ആയി ഉൾപ്പെടുത്തിയിരുന്നെങ്കിലും തുക നൽകിയില്ല . 2018-19 ൽ മുകളിൽ പറഞ്ഞ പുറമ്പോക്കായ 5 സെന്റ് സ്ഥലം, കമ്പോള വിലയായ 2,34,825 രൂപ റവന്യൂ വകുപ്പിന് നൽകി സ്ഥലം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പതിച്ചു കിട്ടി . ഈ സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിന് ചെലവായ തുക നൽകുന്നതിന് 8,50,000 രൂപ വകയിരുത്തി ഈ വർഷം പ്രൊജക്ട് തയ്യാറാക്കുവാൻ അനുമതി നൽകണമെന്ന് ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാന തല കോ - ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ സൂചന (3 ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ അയണിക്കാമുകൾ ഗ്രാമസഭ മന്ദിര കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് 2014- 15 ൽ നിലനിന്നിരുന്ന ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം വാല്യൂവേഷൻ എത്രയാണെന്ന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തിട്ടപ്പെടുത്തി, അതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് തയ്യാറാക്കി. തുക നല്കാൻ അനുമതി നൽകി കൊണ്ട് ഉത്തരവ് ആകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ. ത സ്വ ഭ വ. . തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് / സെക്രട്ടറി

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ. ഐ.കെ.എം. തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ